# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 419 02.12.2014 ൽ മറുപടിക്ക്

## ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും അളവും ഗുണമേന്മയും ഉറപ്പുവരുത്തുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുവാൻ സംസ്ഥാന സർക്കാർ ഏതു രീതിയിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നത് റെയിൽവേയുടെ നയപ്രകാരമാണ്. എന്നിരുന്നാലും ഒറ്റപ്പെട്ട സംഭവങ്ങളെത്തുടർന്ന് യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ട്രെയിനുകളിലും പ്ലാറ്റ്ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും, ചേരുവകളും അളവും, ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രി കാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും, പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന റെയിൽവേ ബോർഡിന്റെ 21.12.2012 ലെ കമ്മേർഷ്യൽ സർക്കുലർ പ്രകാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കുലർ അനുബന്ധമായി വച്ചിരിക്കുന്നു. |
| (ബി) | ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് റെയിൽവേ നിഷ്കർഷിച്ചിട്ടുള്ള വിലയും അളവും എത്രയൊക്കെയാണെന്നും ഇതു സംബന്ധിച്ച പരാതികൾ എവിടെയാണ് ഉന്നയിക്കേണ്ടതെന്നും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പരാതികൾ യാത്രക്കാർക്ക് സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികാർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ നേരിട്ട് രേഖപ്പെടുത്തുകയോ, പരാതി എഴുതി സീനിയർ ഡിവിഷണൽ കമ്മേഷ്യൽ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ നല്കാവുന്നതും ഇൻറർനെറ്റിൽ റെയിൽവേയുടെ പബ്ലിക് ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ എല്ലാ സത്വര നടപടികളും റെയിൽവേ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

[illegible]